**BY SPEED POST**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം. പിൻ- 695035

ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/20303080

ഇ-മെയിൽ: dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in

നമ്പർ: എം.എസ്സ്.എ. 3-714/2017/ആ.വ.ഡ. തീയതി: 19.07.2019.

**പ്രേഷകൻ**

ആരോഗ്യവകുപ്പ് ഡയറക്ടർ

**സ്വീകർത്താവ്**

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
തിരുവനന്തപുരം/ കൊല്ലം/ പത്തനംതിട്ട/ ആലപ്പുഴ/ കോട്ടയം/ ഇടുക്കി/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട്/ വയനാട്/ കണ്ണൂർ/ കാസർഗോഡ്.

സർ,

**വിഷയം:-** ആ.വ.ഡ- എല്ലാ സ്ഥാപനങ്ങളിലുമുള്ള സ്ലോമൂവിംഗ് മരുന്നുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന :-**

1. കത്ത് നം. എസ്സ്1-1621/2019/ഐ.എം.സി.എച്ച്, കോഴിക്കോട്. തീയതി: 22.02.2019.
2. കത്ത് നം. എസ്സ്1-2922/2019/ ഐ.എം.സി.എച്ച്, കോഴിക്കോട്. തീയതി: 25.03.2019.
3. കത്ത് നം. എസ്സ്1-3786/2019/ ഐ.എം.സി.എച്ച്, കോഴിക്കോട്. തീയതി: 02.05.2019.
4. കത്ത് നം. ബി 2- 4868/2019/ജി.മെ.ഒ (ആ), കോട്ടയം. തീയതി: 02.05.2019.
5. കത്ത് നം. ബി 2-7226/2019/ജി.മെ.ഒ (ആ), തൃശ്ശൂർ. തീയതി: 06.05.2019.
6. കത്ത് നം. ഡി 4- 8377/2019/ജി.മെ.ഒ (ആ), ആലപ്പുഴ. തീയതി: 08.05.2019.
7. കത്ത് നം. ഡി 4-7261/2019/ജി.മെ.ഒ (ആ), ആലപ്പുഴ. തീയതി: 02.05.2019.
8. കത്ത് നം. ഡി 4- 7260/2019/ജി.മെ.ഒ (ആ), ആലപ്പുഴ. തീയതി: 24.04.2019.
9. കത്ത് നം. ഡി 4- 9655/2019/ ജി.മെ.ഒ (ആ), ആലപ്പുഴ. തീയതി: 04.06.2019.

*****

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ DDMS മുഖാന്തിരം ബന്ധിക്കപ്പെട്ടിരിക്കുകയാണ്. "Institution Slow Moving" എന്ന വിഭാഗത്തിൽ ബന്ധപ്പെടേണ്ട ആളിന്റെ പേര്, ഫോൺ നമ്പർ എന്നിവ ഉൾപ്പെടെ രജിസ്റ്റർ ചെയ്യാവുന്നതും സ്ലോമൂവിംഗ് മരുന്നുകൾ ഏതെങ്കിലും സ്ഥാപനം ആവശ്യപ്പെടുന്നതിനനുസരിച്ച് സ്ഥാപനത്തിലെ വാഹന സൗകര്യം ഉപയോഗപ്പെടുത്തിയോ, കൊറിയർ സർവ്വീസ് മുഖേനയോ

കൈമാറ്റം ചെയ്യാവുന്നതാണ്. ഓരോ സ്ഥാപനങ്ങളിലേയ്ക്കും ആവശ്യമായ മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്യുന്നത് സ്ഥാപനത്തിന്റെ ആവശ്യം മുന്നിൽ കണ്ട് മാത്രം ആകയാൽ ഈ മരുന്നുകൾ പൂർണ്ണമായും നിർദ്ദിഷ്ട സംഭരണ സംവിധാനത്തിൽ സൂക്ഷിച്ചു വെച്ച് കാലാവധി തീരുന്നതിനു മുൻപ് ഉപയോഗിച്ചു തീർക്കേണ്ടത് പ്രസ്തുത മരുന്ന് ആവശ്യപ്പെട്ട സ്ഥാപന മേധാവിയുടേയും, സബ് Indenting ഓഫീസർമാരുടേയും സ്റ്റോർ, സബ് സ്റ്റോക്ക് ചുമതലക്കാരുടേയും പൂർണ്ണ ഉത്തരവാദിത്വമാണ്. ഇതിനായി കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ ഒരുക്കിയിട്ടുള്ള DDMS സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തുവാനും ഒരു മരുന്നു പോലും ഉപയോഗശ്യൂന്യമായി പോകാതിരിക്കുവാനുമുള്ള അതീവ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം താങ്കളെ പലതവണ അറിയിച്ചതാണ്. ആയതിനാൽ സൂചനപ്രകാരം റിപ്പോർട്ട് ചെയ്ത സ്ലോമൂവിംഗ് മരുന്നുകൾ കാലാഹരണപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വില ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

മേലെഴുത്ത് നം. സി4/18647/2019 ജി.മെ.ഓ(ആ) മലപ്പുറം തി.7/19

കത്ത് അറിവിനും അനന്തരനടപടികൾക്കുമായി എല്ലാ സ്ഥാപനമേധാവികൾക്കും നൽകുന്നു.

25.7.2019

ജി.മെ.ഓ(ആ) മലപ്പുറം.

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) പിൻ: 676 505 സിവിൽ സ്റ്റേഷൻ മലപ്പുറം